# സൈക്കിൾ വാങ്ങാനായി കരുതിയ തുക ദുരിതാശ്വാസ നിധിയിലേക്ക് കൈമാറി

ആലപ്പുഴ: സൈക്കിൾ വാങ്ങാനായി സ്വരുക്കൂട്ടിയ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്ത് ഒന്നാം ക്ലാസ് വിദ്യാർത്ഥിനി. നീർക്കുന്നം അൽഹുദാ ഇംഗ്ലീഷ് മീഡിയം സ്കൂളിലെ ഒന്നാം ക്ലാസ് വിദ്യാർത്ഥി അഫ്രാ ഫാത്തിമയാണ് തന്റെ കുഞ്ഞു സമ്പാദ്യം പണപ്പെട്ടിയോടെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകിയത്. മറ്റുള്ളവർ ഇത്തരത്തില് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് പണം സംഭാവന നൽകുന്നത് ശ്രദ്ധയിൽപെട്ടതോടെയാണ് തനിക്കും സംഭാവന നൽകണമെന്ന് ആഗ്രഹം ഉണ്ടായതെന്ന് അഫ്രാ ഫാത്തിമ പറഞ്ഞു. കളക്ടറേറ്റിലെത്തി ജില്ലാ കളക്ടർ എം അഞ്ജനയ്ക്കാണ് അഫ്ര പണപ്പെട്ടി കൈമാറിയത്. തകഴി കുന്നുമ്മൽ സ്വദേശി അമ്പാട് വീട്ടിൽ അഷ്റഫ് - ഖദീജ ദമ്പതികളുടെ മകളാണ് അഫ്രാ ഫാത്തിമ. (ചിത്രമുണ്ട്)

--